# AMRITA VIDYALAYAM

## ANNUAL EXAMINATION - 2017 - '18

**Class : IX** **Marks : 80**

**Time : 3 hrs**

# മലയാളം

| This question paper is divided into four sections. | |
|---|---|
| Section A : Reading comprehension | - 10 marks |
| Section B : Writing | - 16 marks |
| Section C : Grammar | - 17 marks |
| Section D : Text and Non-Detailed | - 37 marks |

## എ വിഭാഗം

**I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **10**

അറിവും ശക്തിയുമുള്ള മനുഷ്യൻ പല രംഗങ്ങളിലും വൻനേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. അതേ സമയം അവന് ഒരു നിയന്ത്രണവുമില്ലാത്ത എത്രയോ കാര്യങ്ങൾ ഈ ലോകത്തുണ്ട്. നമ്മൾ എപ്പോൾ, എവിടെ, ഏത് സാഹചര്യത്തിൽ ജനിക്കണമെന്ന് തീരുമാനമെടുക്കാൻ നമുക്ക് കഴിയില്ല. നമ്മുടെ അച്ഛനമ്മമാരേയോ, കുടുംബത്തേയോ, കഴിവുകളേയോ തിരഞ്ഞെടുക്കാൻ നമുക്ക് സ്വാതന്ത്ര്യമില്ല. മരണവും നമ്മുടെ നിയന്ത്രണത്തിലല്ല. അതുകൊണ്ട് പരിമിതമായ കഴിവുകളിൽ അഹങ്കരിക്കാതെ നമ്മുടെ പോരായ്മകളെയും ദുർബ്ബലതകളെയും കുറിച്ച് ഓർക്കണം. അങ്ങനെ പ്രപഞ്ചശക്തിയുടെ മുന്നിൽ വിനയപൂർവ്വം തലകുനിക്കാൻ നാം പഠിക്കണം. കൂടാതെ കഴിഞ്ഞുപോയ കർമ്മങ്ങളെ കുറിച്ചോർത്ത് സമയം വെറുതെ ചിലവഴിച്ചിട്ടും കാര്യമില്ല. അത് കഴിഞ്ഞുപോയ അദ്ധ്യായമാണ്. വർത്തമാനകാലത്തിനാണ് പ്രാധാന്യം. കാരണം നമ്മുടെ ഭാവി മുഴുവൻ കിടക്കുന്നത് നമ്മൾ ഇന്നു ചെയ്യുന്ന കർമ്മങ്ങളെക്കൂടി ആശ്രയിച്ചാണ്. ജീവിതത്തെ സ്നേഹിക്കണം, സഹജീവികളോട് കരുണ വേണം. പ്രകൃതിയെ സ്നേഹിക്കണം. സ്വധർമ്മം മറക്കാതെ ജീവിക്കണം. ഇതാണ് ആധ്യാത്മികതയും നമ്മെ പഠിപ്പിക്കുന്നത്.

1. മനുഷ്യന് സ്വാതന്ത്ര്യമില്ലാത്ത കാര്യങ്ങൾ എന്തെല്ലാം?
2. നാം ഓർക്കേണ്ടതായ കാര്യങ്ങൾ എന്തൊക്കെയാണ്?
3. ആധ്യാത്മികം നമ്മെ പഠിപ്പിക്കുന്നതെന്ത്?
4. ആരുടെ മുന്നിലാണ് നമ്മൾ വിനയപൂർവ്വം തല കുനിക്കേണ്ടത്?
5. നമ്മുടെ ഭാവി എന്തിനെ ആശ്രയിച്ചാണ് നിൽക്കുന്നത്?

## ബി വിഭാഗം

**II. ഏതെങ്കിലും ഒരു വിഷയത്തെ കുറിച്ച് രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **8**

1. ബോധനം – മാതൃഭാഷയിലൂടെ.
2. ബാലവേല ഇന്ത്യയിൽ.
3. പരിസ്ഥിതി സംരക്ഷണവും ആധുനിക ജീവിതവും.

**III.** പ്രകൃതിക്ഷോഭത്തിൽപ്പെട്ട് ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിര സഹായം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് മുഖ്യമന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക. **8**

## സി വിഭാഗം

**IV. പ്രയോഗം മാറ്റുക.** **2**

1. കടത്തുകാരൻ സിദ്ധാർത്ഥനെ ഉപദേശിച്ചു.
2. ടാക്സി ഡ്രൈവർ ജർമ്മൻ തത്ത്വചിന്തകനായ കാന്റിന്റെ നൈതികതത്ത്വങ്ങളെക്കുറിച്ച് പറഞ്ഞു.

**V. അംഗ- അംഗി വാക്യം വേർതിരിക്കുക.** **2**

1. ആ തടസ്സം മറികടന്ന് വേഗം അവരെ അപ്പുറമെത്തിക്കാൻ കടത്തുകാരനുണ്ടായിരുന്നു.
2. കൊച്ചുകൈത്തോട് കടന്ന് ശങ്കരൻകുട്ടി ശാന്തമ്മയുടെ വീട്ടുപറമ്പിലൂടെ ഉത്സാഹത്തിൽ നടന്നു.

**VI. വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക.** **1**

ആഗതനെക്കാണെ അവരിൽ നേരിയ ഒരാഹ്ലാദം ഉയർന്നു വന്നു.

**VII. വാക്യത്തിൽ പ്രയോഗിക്കുക.** **1**

കൗതുകപൂർവ്വം

**VIII. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക.** **2**

1. സഫലമീയാത്ര 2. ചേവടിത്താരിണ

**IX. വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക.** **2**

1. ഗോവിന്ദപാദങ്ങൾ 2. കേസരിയോഗം

**X. പര്യായപദങ്ങൾ കണ്ടെത്തുക.** **2**

1. കാള 2. വെയിൽ

**XI. നാനാർഥപദങ്ങൾ എഴുതുക.** **2**

1. കൊല്ലം 2. സരസ്വതി

**XII. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **1**

1. കാലാവധി കഴിഞ്ഞാൽ ഉത്തരക്കടലാസ് വീണ്ടും പുനഃശോധിക്കുന്ന പതിവില്ല.
2. കൃതജ്ഞതയും നന്ദിയും കൊണ്ട് ശാന്തമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

**XIII. വിപരീതപദമെഴുതുക.** **1**

1. ഹ്രസ്വം (ദീർഘം, അഹ്രസ്വം, സഹ്രസ്വം)
2. ശാന്തം (ഉഗ്രം, സ്വശാന്തം, വിശാന്തം)

**XIV. അർഥവ്യത്യാസമെഴുതുക.** **1**

1. ഇനൻ – ഇനം (ഭവാൻ, സൂര്യൻ, തരം, താരകം)
2. കരണം – കാരണം (ബുദ്ധി പ്രാപ്തി, ഹേതു, വിദ്യ)

## ഡി വിഭാഗം

**XV. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.** **5**

1. സിദ്ധാർഥ എന്ന നോവലിന്റെ രചയിതാവ് ആര്?
   (മാർക്വെസ്, ഹെർമൻഹെസ്സെ, ഹെർമൻ ഗുണ്ടർട്ട്)
2. അന്തിക്ക് വിളക്കുകത്തിക്കാൻ തിടുക്കം കൂട്ടി നിൽക്കുന്നതാരാണ്?
   (നക്ഷത്രക്കൂട്ടം, മിന്നാമിനുങ്ങ്, മാലോകർ)
3. 'കണ്ണൊണ്ടോ നിങ്ങടെ മൊഖത്ത് ? കൊച്ചിപ്പം വെള്ളം കുടിച്ച് ചത്തേനെല്ലോ? ശങ്കരൻകുട്ടി ആരോടാണ് ഇങ്ങനെ ദേഷ്യപ്പെട്ടത്?
   (അമ്മായിയോട്, ശാന്തമ്മയോട്, കുട്ടിയുടെ അമ്മയോട്)
4. ഏതു മരവിപ്പിനേയും ഉരുക്കുന്ന ഏതു വരണ്ട കണ്ണുകളെയും ഈറനണിയിക്കുന്ന, മീനച്ചൂടിന്റെ മാധുര്യമുള്ള വൈലോപ്പിള്ളിക്കവിതയേത്?

(കുടിയൊഴിക്കൽ, കന്നിക്കൊയ്ത്ത്, മാമ്പഴം, വിട)

5. ജീവരക്ഷാർത്ഥം ഓടി ഇന്ത്യയിലെത്തിയ കർത്താസിങിന് ജീവിതഭദ്രത നൽകിയത് എന്ത്?
   (ലാഹോറിലെ അനുഭവങ്ങൾ, ബലിഷ്ഠമായ കൈയും പതറാത്ത മനസ്സും, അമ്മയോടുള്ള കടപ്പാട്)
6. കണ്ണന്റെ വാക്കുകളെ എന്തിനോടാണ് ഉപമിച്ചിരിക്കുന്നത്?
   (തേനിനോട്, തൂനിലാവിനോട്, വണ്ടിനോട്)
7. നെറുകയിലിരുട്ടേനതിപ്പാറാവു നിൽക്കുന്നതാര്?
   (തെരുവുവിളക്കുകൾ, നക്ഷത്രങ്ങൾ, ചന്ദ്രൻ)
8. മറ്റൊരു പൂവെന്നേ സങ്കല്പിക്കൂ എന്നു കവി പറയുന്നത് ആരെ കുറിച്ചാണ്?
   (പനിനീർപ്പൂവിനെ, കുട്ടനെ, തോട്ടക്കാരനെ)
9. കരാളം എന്ന പദത്തിനർഥമേത്?
   (പതുക്കെ, ഭയങ്കരം, വർധിച്ച)
10. ആരുടെ കഥയാണ് 'കീറിപ്പൊളിഞ്ഞ ചകലാസ്'?
    (മാധവിക്കുട്ടി, എം. മുകുന്ദൻ, ടി.പത്മനാഭൻ, എം.ടി.വാസുദേവൻനായർ)

## XVI. ഉത്തരമെഴുതുക. 24

1. നദി സിദ്ധാർഥന് പകർന്നുനൽകിയ അറിവുകൾ എന്തെല്ലാമാണ്?
2. കഥാപാത്രനിരൂപണം നടത്തുക – ഗോപി.
3. 'മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടിട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി'.
   വണ്ടിക്കാരനെ മറ്റൊരു വണ്ടിക്കാള എന്നു വിളിക്കാൻ കാരണം എന്ത്?
4. ടാക്സി റോഡരുകരിൽ ചേർത്തുനിർത്തിച്ചിട്ട് ഞാൻ കൂടി ഫ്രണ്ട് സീറ്റിൽ ഡ്രൈവറുടെയടുത്ത് സ്ഥലം പിടിച്ചു. ഇങ്ങനെ ചെയ്യാൻ ലേഖകനെ പ്രേരിപ്പിച്ചതെന്ത്?
5. 'എത്ര കൊഴുത്ത ചവർപ്പു കുടിച്ചുവറ്റിച്ചു നാം ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ'.
   ഈ വരികളുടെ പൊരുൾ എന്ത്?
6. പാഠഭാഗം വിശകലനം ചെയ്ത് വൈലോപ്പിള്ളിക്കവിതയെ കുറിച്ച് ലഘുപന്യാസം തയ്യാറാക്കുക.

## XVII. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 8

1. ശ്രീരാമകൃഷ്ണമിഷൻ അസോസിയേഷന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്?
2. വിവേകാനന്ദന്റെ അന്ത്യനിമിഷങ്ങൾ എങ്ങനെയായിരുന്നു?
3. ശ്രീരാമകൃഷ്ണന്റെ യഥാർഥ പിൻതുടർച്ചക്കാരനായി
   നരേന്ദ്രൻ മാറിയ സന്ദർഭമേത്?